# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 366 27/06/2012-ൽ മറുപടിക്ക്

## ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, ജെയിംസ് മാത്യു<br>,, ബി. ഡി. ദേവസ്സി | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | തങ്ങൾക്ക് അവകാശപ്പെട്ട ഭൂമി പതിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് വയനാട് ജില്ലയിലെ ആദിവാസി സമൂഹം സമരത്തിലേർപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | എ | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിലയ്ക്കുവാങ്ങി നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലേക്കായി വയനാട് ജില്ലാ ആദിവാസി പുനരധിവാസ വികസന മിഷന് 50 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ വനാവകാശ നിയമപ്രകാരം 6800 കുടുംബങ്ങൾക്ക് കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. |
| ബി | 1999-ലെ ആദിവാസി ഭൂസംരക്ഷണ നിയമപ്രകാരം ഭൂമിയില്ലാത്ത ആദിവാസി കൾക്കും, നാമമാത്ര ഭൂമിയുള്ള ആദിവാസി കൾക്കും എത്ര ഭൂമിക്കാണ് അവകാശമെന്ന് വെളിപ്പെടുത്തുമോ; | ബി | 1999 ലെ ആദിവാസി ഭൂസംരക്ഷണ നിയമപ്രകാരം ഭൂമിയില്ലാത്ത ആദിവാസികൾക്ക് ഒരേക്കർ ഭൂമിക്കും നാമമാത്ര ഭൂമിയുള്ള ആദിവാസികൾക്ക് ഒരേക്കർ തികയുന്നതിനാവശ്യമായ ഭൂമിക്കുമാണ് അവകാശമുള്ളത്. |
| സി | ഇത്തരത്തിൽ ഭൂമിക്ക് അവകാശപ്പെട്ട എത്ര ആദിവാസികൾ സംസ്ഥാനത്ത് ഉണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; തങ്ങൾക്ക് അവകാശപ്പെട്ട ഭൂമിയിൽ സമരം ചെയ്യുന്ന ആദിവാസികളെ ബലപ്രയോഗത്തിലൂടെ ഇറക്കിവിടുന്നത് നിർത്തിവയ്ക്കുമോ? | സി | ഇത്തരത്തിൽ ഭൂമിക്ക് അവകാശപ്പെട്ട 9711 പേർ സംസ്ഥാനത്തുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇടയ്ക്ക് കുറച്ചു നാൾ നിർത്തിവച്ചിരുന്നു. എന്നാൽ വനഭൂമിയാണ് കൈയ്യേറുന്നത് എന്നതിനാൽ വനം വകുപ്പ് കൈയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നുണ്ട്. റവന്യൂ വകുപ്പിന്റെയും പോലീസിന്റെയും സാന്നിദ്ധ്യത്തിലാണ് ഇവരെ ഒഴിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ